പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5855 | 28.03.2018 ൽ മറുപടിക്ക്

## വി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ പദ്ധതി

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ ഏതൊക്കെ പി.എച്ച്.സി-കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതെന്നും ഇതിന്റെ ഭാഗമായി എത്രപേരെ ജില്ലയിൽ പുതിയതായി നിയമിച്ചെന്നും വ്യക്തമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ നിന്നും പെരുവന്താനം, വട്ടവട, കരിംകുന്നം, കൊന്നത്തടി, ഉടുമ്പൻചോല, കാഞ്ചിയൂർ, മരിയാപുരം, ഇല്ലംദേശം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റി ഇവിടങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഇതിലേയ്ക്ക് നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജില്ലയിലെ അവശേഷിക്കുന്ന പി.എച്ച്.സി -കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ 2018-19 സാമ്പത്തിക വർഷം ഏതൊക്കെ പി.എച്ച്.സി-കളെയാണ് ഇതിനുവേണ്ടി പരിഗണിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരെഞ്ഞെടുക്കുന്ന ആശുപത്രികളുടെ കരട് പട്ടിക പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ